# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 543 11.12.2012-ൽ മറുപടിക്ക്

### വയനാട് ജില്ലാ സഹകരണ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലാ സഹകരണ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) | പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയും, സിലബസ് പ്രകാരമുള്ള കംപ്യൂട്ടർ ക്ലാസുകൾ നടത്തുന്നതിന് അദ്ധ്യാപകരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സൗകര്യപ്രദമായ വിധത്തിൽ കംപ്യൂട്ടർ ലാബ് സജ്ജമാക്കിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ പരീക്ഷകളും, ഇന്റേണൽ അസസ്മെന്റും നടത്തുന്നു. പ്രിൻസിപ്പൽമാരുടെ യോഗവും, അദ്ധ്യാപകരും, പ്രിൻസിപ്പാളും അടങ്ങുന്ന യോഗവും, നിശ്ചിത ഇടവേളകളിൽ വിളിച്ച് ചേർത്ത് പ്രവർത്തനം വിലയിരുത്തി കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന സഹകരണ യൂണിയൻ നൽകുന്നുണ്ട്. |
| (ബി) സഹകരണ പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വിശദമാക്കുമോ ; | (ബി) | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ യൂണിയൻ കെട്ടിടത്തിന് കാലാകാലങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. ലൈബ്രറി, കംപ്യൂട്ടർ ലാബ്, ഹോസ്റ്റൽ, ഫർണീച്ചർ തുടങ്ങി ഹോസ്റ്റലിലെ അടുക്കളയിൽ വരെ മിനിമം സൗകര്യങ്ങൾ ഒരുക്കുവാനെ കഴിഞ്ഞിട്ടുള്ളൂ. കോളേജ്, ഹോസ്റ്റൽ തുടങ്ങിയ പഴയ കെട്ടിടങ്ങൾ പൊളിച്ച് പണിയുന്നതിനും, കാലപ്പഴക്കം കൊണ്ട് ഉപയോഗിക്കുവാൻ ബുദ്ധിമുട്ടായിട്ടുള്ള ഫർണിച്ചറുകൾക്ക് പകരം പുതിയത് വാങ്ങുന്നതിനും, ഹോസ്റ്റലിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സഹകരണ യൂണിയൻ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | ജില്ലാ സഹകരണ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ